

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 6. ഇടപെടൽ

## സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

6 ഇടപെടൽ . . . . . . . . . . . . . . . . . . . . . . . . . . . . . . 1

## 6

# ഇടപെടൽ

1959 ജൂലായ് 31-ാംന ഇന്ത്യാ ചരിത്രത്തിലെ ഒരു കറുത്ത ദിവസമായി എന്നെന്നും ഓർമ്മിയ്ക്കപ്പെടും. എന്തെന്നാൽ, അന്നാണ് ഇന്ത്യയിലെ ഭരണാധികാരികൾ തങ്ങളുടെ കീഴിലുള്ള ഒരേയൊരു കോൺഗ്രസ്സിതരഗവൺമെൻറിനെ നീക്കം ചെയ്യാൻ വേണ്ടി ജനാധിപത്യത്തിന്റെ മുരടിൽ കത്തി വെച്ചതു. അന്നാണ് കേരളത്തിലെ കമ്യൂണിസ്റ്റ് ഗവണ്മെൻറിനെ പിരിച്ചുവിട്ടുകൊണ്ടുള്ള ഒരു വിളംബരത്തിൽ ഇന്ത്യാ റിപ്പബ്ളിക്കിന്റെ പ്രസിഡണ്ട് ഒപ്പ് വെച്ചത്.

എന്തിനാണവർ നിയമവിധേയമായും ജനാധിപത്യപരമായും തെരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് ഗവൺമെൻറിനെ പിരിച്ചുവിട്ടതു ജനാധിപത്യത്തെ കശാപ്പുചെയ്യാൻ മുതിർന്ന കോൺഗ്രസ്സനേതാക്കന്മാരിലാരും തന്നെ ഈ ചോദ്യത്തിന്ന് ഇതേവരെ തൃപ്തികരമായ ഒരു മറുപടി നൽകിയിട്ടില്ല.

കേരളത്തിലെ ജനങ്ങൾ കമ്യൂണിസ്റ്റ് ഗവൺമെൻറിനെ 'സ്തംഭി'പ്പിയ്ക്കാനുള്ള ഒരു സമരം നടത്തിയതുകൊണ്ടാണു പ്രസിഡണ്ട് ഇടപെട്ടതു എന്നും അതിനാൽ ഈ ഇടപെടൽ ജനങ്ങളുടെ ഒരു വിജയമാണ് എന്നും കെ. പി. സി. സി. യുടേയും പി.എസ്. പി. യുടേയും ചില നേതാക്കന്മാരും കത്തോലിക്കാപ്പള്ളി മേധാവികളുടെ ചില പത്രങ്ങളും പറയുന്നുണ്ട്. പക്ഷേ, ട്രാൻസ്പോർട്ടുബസ്സുകൾ നശിപ്പിയ്ക്കുകയും യാത്രക്കാരെ ദ്രോഹിയ്ക്കുകയും പള്ളിക്കൂടങ്ങൾ ചുട്ടുകരിയ്ക്കുകയും വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ദേഹോപദ്രവമേല്പിയ്ക്കുകയും കലക്ടരാപ്പീസ്സുകളുടെ മുമ്പിൽ കുട്ടപ്പിക്കറ്റിങ്ങുകൾ നടത്തുകയും മറ്റും ചെയ്താൽ ഒരു ഗവൺമെൻറ് സ്തംഭിയ്ക്കുന്നതെങ്ങിനെയാണ്? ഇത്തരം 'സമര'ങ്ങളിൽ, 'വിമോചനക്കാ'രുടെ കണക്കുപ്രകാരം തന്നെ ഒരു ലക്ഷത്തിൽപരം ജനങ്ങളേ പങ്കെടുത്തിട്ടുള്ളു. അറസ്റ്റ് ചെയ്തു ശിക്ഷിയ്ക്കപ്പെട്ടവർ പതിനായിരത്തോളം പേർമാത്രമാണ്. അവരെല്ലാവരും കൂടിയനുഭവിച്ച ജയിൽശിക്ഷ കേരളത്തിലെ കമ്യൂണിസ്റ്റ്കാരിൽ മുപ്പതുപേർ അനുഭവിച്ച ശിക്ഷയേക്കാൾ കുറവാണെന്നു കാണാം. സമരത്തെ നേരിടാൻ വിചാരണ കൂടാതെയുള്ള തടങ്കൽ ശിക്ഷകൾ, സാർവ്വത്രികമായ നൂറ്റിനാല്പത്തിനാലുകൾ, നിശാനിയമങ്ങൾ തുടങ്ങിയ മർദ്ദനനിയമങ്ങളൊന്നുംതന്നെ സ്വീകരിയ്ക്കപ്പെടേണ്ടിവന്നിട്ടില്ല. പട്ടാളം ഉപയോഗിയ്ക്കപ്പേടേണ്ടിവന്നിട്ടില്ല. പോലീസ്സിന്റെ വെടിവെപ്പുകൊണ്ട് പതിനഞ്ചുപേർ മരിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണ്. ഹൃദയമുള്ളവരെല്ലാം അതിൽ അനുശോചിയ്ക്കുകയും ചെയ്യും. പക്ഷേ, അതുകൊണ്ട് ഗവണ്മെണ്ട് സ്തംഭിയ്ക്കുന്നതെങ്ങിനെയാണ്? ബോംബേയിൽ ഏതാനും ദിവസങ്ങൾക്കുള്ളിലാണ് നൂറിലധികം മഹാരാഷ്ട്രസമിതിക്കാർ വെടിവെച്ചു കൊല്ലപ്പെട്ടത്. എന്നിട്ടും ബോംബേ ഗവൺമെൻറ് സ്തംഭിയ്ക്കുകയുണ്ടായില്ല. അതുകൊണ്ടു വിമോചനസമരമെന്നു വിളിയ്ക്കപ്പെടുന്ന പേക്കൂത്തുകൾ കൊണ്ടാണ് കമ്യൂണിസ്റ്റ് ഗവൺമെൻറ് പിരിച്ചുവിടപ്പെട്ടതു എന്ന വാദം അസംബന്ധമാണ്. "പ്രതിപക്ഷപ്പാർട്ടികൾക്ക് സ്റ്റേറ്റ് ഭരണത്തെ സ്തംഭിപ്പിയ്ക്കുക എന്ന തങ്ങളുടെ ലക്ഷ്യത്തിൽ വിജയം നേടാൻ കഴിഞ്ഞിട്ടില്ല." എന്ന് പ്രധാനമന്ത്രി നെഹ്റുതന്നെ ആഗസ്റ്റ് 2-ാം ന ദൽഹിയിൽവെച്ച് സമ്മതിച്ചിരിയ്ക്കുന്നു. (ടൈംസ് ഓഫ് ഇന്ത്യ, ആഗസ്റ്റ് 3)

ഇതിന്നു രസകരമായ മറ്റൊരു വശംകൂടിയുണ്ട്: ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഒരു സ്റ്റേറ്റ് ഗവൺമെൻറിനെ അട്ടിമറിയ്ക്കാൻവേണ്ടി ആരെങ്കിലും ലഹള നടത്താനൊരുങ്ങിയാൽ ആ ഗവൺമെൻറിനെ പിരിച്ചുവിടണമെന്നല്ല, ലഹളക്കാരെ അടിച്ചമർത്തി സമാധാനം പുനഃസ്ഥാപിയ്ക്കാൻ ഗവൺമെൻറിനെ സഹായിയ്ക്കാൻ കേന്ദ്രഗവൺമെൻറ് മുന്നോട്ടു വരണമെന്നാണ് നമ്മുടെ ഭരണഘടനയുടെ 355-ാം വകുപ്പ് സംശയത്തിന്നിടയില്ലാത്തവിധം അനുശാസിയ്ക്കുന്നത്!

അതുകൊണ്ട്, കേരളത്തിലെ കോൺഗ്രസ്സ്-പി എസ്. പി-പള്ളിനേതാക്കന്മാർ എന്തുതന്നെ പറഞ്ഞാലും സമരത്തിന്റെ ഫലമായിട്ടാണ് കമ്യൂണിസ്റ്റ് ഗവൺമെൻറിനെ പിരിച്ചുവിട്ടത് എന്നു പ്രഖ്യാപിയ്ക്കാൻ കേന്ദ്രകോൺഗ്രസ്സനേതാക്കന്മാർ മുതിരുമെന്നു തോന്നുന്നില്ല.

കെ. പി. സി. സി. ക്കാർ പ്രസിഡണ്ടിന്നു സമർപ്പിച്ച, മെമ്മോറാണ്ടം എന്നു വിളിയ്ക്കപ്പെടുന്ന കുറ്റപത്രത്തിലെ ആരോപണങ്ങളാണോ ഇടപെടലിന്നു കാരണം? കുറ്റപത്രത്തിലടങ്ങിയ ചാർജ്ജുകളെപ്പറ്റി അന്വേഷണം നടത്താനോ അതിന്റെ ഒരു കോപ്പി ഔപചാരികമായിട്ടെങ്കിലും കേരളഗവൺമെൻറിന്ന് അയച്ചുകൊടുക്കാൻ പോലുമോ കേന്ദ്രഗവൺമെൻറ് മുതിരുകയുണ്ടായില്ല. എന്നല്ല, കെ. പി. സി. സി. യുടെ കുറ്റാരോപണങ്ങളും കേന്ദ്രത്തിന്റെ ഇടപെടലും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് പ്രധാനമന്ത്രി നെഹ്റുതന്നെ ഉറപ്പിച്ചു പറഞ്ഞിരിയ്ക്കുന്നു.

പിന്നെ എന്തിനാണവരിടപ്പെട്ട് കമ്യൂണിസ്റ്റ് ഗവൺമെൻറിനെ പിരിച്ചുവിട്ടത്? കമ്യൂണിസ്റ്റ് പാർട്ടി ജനാധിപത്യതത്വങ്ങളെ വകവെയ്ക്കാതെയാണ് ഭരണം നടത്തിയത് എന്നും ഭരണഘടനയുടെ മൗലികതത്വങ്ങളെ അവർ ലംഘിച്ചിരിക്കുന്നു എന്നും മറ്റും പറയപ്പെടുന്നുണ്ട്. പക്ഷേ, ഇത്തരം ആക്ഷേപങ്ങളെപ്പറ്റി വ്യക്തമായ ഒരൊറ്റ തെളിവെങ്കിലും ഹാജാരാക്കാൻ കേന്ദ്രക്കാർക്കു സാധിച്ചിട്ടില്ല.

> "കേരളസ്റ്റേറ്റ് ഗവർണ്ണരിൽനിന്ന് ലഭിച്ച റിപ്പോർട്ടിനെ പരിഗണിച്ചും മറ്റു വിവരങ്ങൾ ലഭിച്ചതനുസരിച്ചും ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റേറ്റിൽ ഭരണം നടത്തിക്കൊണ്ടു പോവാൻ സാധിയ്ക്കാത്ത ഒരു പരിതഃസ്ഥിതി ഉളവായിട്ടുണ്ടെന്ന് തനിയ്ക്കു ബോദ്ധ്യപ്പെട്ടതിനാൽ ഭരണഘടനയിലെ 356-ാംവകുപ്പനുസരിച്ച് സ്റ്റേറ്റ് ഗവർണ്ണരുടേയും സ്റ്റേറ്റ് ഗവൺമെൻറിന്റെയും അധികാരങ്ങൾ" താനേറ്റെടുക്കുന്നുവെന്നാണ് കമ്യൂണിസ്റ്റ് ഗവൺമെൻറിനെ പിരിച്ചുവിട്ടുകൊണ്ടുള്ള തന്റെ വിളംബരത്തിൽ പ്രസിഡണ്ട് പ്രസ്താവിയ്ക്കുന്നത്.

ഭരിയ്ക്കുന്ന കക്ഷിയ്ക്ക് നിയമസഭയിൽ ഭൂരിപക്ഷമില്ലാതായിത്തീർന്ന പരിതഃസ്ഥിതികളിൽ മാത്രമേ ഇതിന്നുമുമ്പു ഭരണഘടനയിലെ 356-ാം വകുപ്പ് പ്രയോഗിയ്ക്കപ്പെട്ടിട്ടുള്ളു. അത്തരമൊരു പരിതഃസ്ഥിതി കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ കേരളത്തിലുണ്ടായിട്ടില്ല. ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റേറ്റിൽ ഭരണം നടത്തിക്കൊണ്ടു പോവാൻ സാധിയ്ക്കാത്ത എന്തൊരു പരിതഃസ്ഥിതിയാണ് കേരളത്തിലുണ്ടായിട്ടുള്ളതെന്നും ഇതിനെസ്സംബന്ധിച്ച് കേരളഗവർണ്ണർ അയച്ച റിപ്പോർട്ടിൽ എന്താണ് പറയുന്നത് എന്നും നാട്ടുകാരെ ബോദ്ധ്യപ്പെടുത്തേണ്ട ഒരു ചുമതല കേന്ദ്ര ഗവൺമെൻറിന്നുണ്ട്. പക്ഷേ, ആ ചുമതലപോലും നിർവ്വഹിയ്ക്കാൻ അവർ തയ്യാറാകുന്നില്ല. പരിതഃസ്ഥിതികൾ രഹസ്യമാണുപോലും! ഗവർണ്ണർ പറയുന്ന കാരണങ്ങൾ വെളിപ്പെടുത്തുന്നത് നല്ല കീഴ്വഴക്കമല്ലപോലും!

ഇതിലും വലിയൊരു തമാശ ഇതിന്നു മുമ്പാരും കേട്ടിട്ടുണ്ടാവില്ല. സ്റ്റേറ്റിലെ ജനങ്ങളുടേയും ഭൂരിഭാഗം അസംബ്ളിമെമ്പർമാരുടേയും പിന്തുണയുള്ള ഒരു ഗവൺമെൻറിനെ ഒരു സുപ്രഭാതത്തിൽ, യാതൊരു ജനാധിപത്യതത്വത്തിന്നും നിരക്കാത്ത മട്ടിൽ മിക്കവാറും ഫാസിസ്റ്റ് മുറകൾ സ്വീകരിച്ചുകൊണ്ട്, പിരിച്ചുവിടുക; എന്നിട്ടും എന്തിനാണ് പിരിച്ചുവിട്ടതു എന്നു പറയാൻപോലും സാധിയ്ക്കാതിരിയ്ക്കുക! "മെമ്പർമാർക്ക് അറിയാവുന്നതിനേയും ഞാൻ എന്തു പറയുമെന്നതിനേയും ഗവൺമെൻറിന്നുവേണ്ടി സംസാരിയ്ക്കുന്ന ആൾ എന്തു പറയുമെന്നതിനേയും അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടത്" എന്നാണ് ഗവർണ്ണരുടെ റിപ്പോർട്ടു മേശപ്പുറത്തുവെയ്ക്കണമെന്ന കമ്യൂണിസ്റ്റ് മെമ്പർമാരുടെ ആവശ്യത്തിന്നു മറുപടിയായി ആഭ്യന്തരകാര്യമന്ത്രി ശ്രീ. പാന്ത് ആഗസ്റ്റ് 3-ാമത്തെ പാർലമെൻറു സമ്മേളനത്തിൽ പ്രസ്താവിച്ചത്. ഇത്തരമൊരു ഗതികേടിൽ കോൺഗ്രസ്സ് നേതൃത്വം ഇതിന്നുമുമ്പൊരിക്കലും അകപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല.

എന്തായാലും, ഒരു കാര്യം ആർക്കും നിഷേധിയ്ക്കാൻ കഴിയില്ല. കേരളത്തിലെയും ഇന്ത്യയിലേയും വൻകിടക്കാരായ സ്ഥാപിതതാല്പര്യക്കാരുമായും പിന്തിരിപ്പൻ സാമുദായികവാദികളുമായും അമേരിക്കൻ ഡോളറുമായും കൂട്ടിപിടിച്ചുകൊണ്ട് കേരളത്തിലെ ജനാധിപത്യവ്യവസ്ഥയെ ഞെക്കിക്കൊല്ലാൻ വേണ്ടി നടത്തപ്പെട്ട സമരത്തിന്ന് നേതൃത്വവും പ്രോത്സാഹനവും നൽകിയത് കേന്ദ്രഭരണം കൊണ്ടുനടക്കുന്ന അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കന്മാർതന്നെയാണ്. എ. ഐ. സി. സി. സെക്രട്ടറിയായിരുന്ന ശ്രീമന്നാരായണൻ ഉൽഘാടനം ചെയ്തു നയം ഊട്ടിപ്പോറ്റി വളർത്തിയതു ശ്രീ. ധേബാറിനെപ്പോലെയും സാദിക്ക് അലിയെപ്പോലെയും മൊറാർജി ദേശായിയെപ്പോലെയും ഇന്ദിരാഗാന്ധിയെപ്പോലെയുമുള്ള കോൺഗ്രസ്സ് നേതാക്കന്മാരാണെന്നും ജൂൺമാസത്തിലാരംഭിച്ച ഏറ്റവും ഒടുക്കത്തെ അട്ടിമറിസ്സമരത്തിന്റെ പ്ലാൻ ഊട്ടിയിൽവെച്ച് ശ്രീ. ധേബാറുടെ നേതൃത്വത്തിലാണ് തയ്യാറാക്കപ്പെട്ടതു എന്നും കേന്ദ്രം ഇടപെടുമെന്ന കോൺഗ്രസ്സ് നേതാക്കന്മാരുടെ പരസ്യപ്രസ്താവനകളാണ് കേരളത്തിലെ പിന്തിരിപ്പന്മാർക്കു പ്രചോദനം നൽകിയത് എന്നുമുള്ള യാഥാർത്ഥ്യങ്ങൾ സാധാരണ പത്രവായനക്കാർക്കുപോലും മനസ്സിലാകത്തക്കവിധം വ്യക്തമായിരിയ്ക്കുന്നു.

പക്ഷേ, ജനാധിപത്യത്തിന്റെ നേർക്കുള്ള ഈ നഗ്നമായ കയ്യേറ്റംകൊണ്ട് കമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തിയ്ക്കോ ജനസ്വാധീനത്തിന്നോ യാതൊരു കോട്ടവും തട്ടിയിട്ടില്ല. നേരെമറിച്ച്, കോൺഗ്രസ്സിന്റെ അന്തസ്സിന്നും പ്രധാനമന്ത്രി നെഹ്റുവിന്റെ സാർവ്വലൗകിക പ്രശസ്തിയ്ക്കുമാണ് കോട്ടം തട്ടിയിട്ടുള്ളത്. ഇന്ത്യയിലൊട്ടുക്കുമുള്ള ജനാധിപത്യവാദികൾ-അവരിൽ കോൺഗ്രസ്സുകാരുമുൾപ്പെടും-മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം കോൺഗ്രസ്സ് നേതൃത്വത്തിന്റെ അപകടം പിടിച്ച നയത്തെ എതിർക്കാൻ മുന്നോട്ടു വന്നിട്ടുള്ളതിൽനിന്നുതന്നെ ഇതു വ്യക്തമാകും.

കമ്യൂണിസ്റ്റ് ഗവൺമെൻറ് കഴിഞ്ഞ രണ്ടര കൊല്ലത്തിനുള്ളിൽ പാസ്സാക്കിയ വിദ്യാഭ്യാസനിയമം, കാർഷികബന്ധബിൽ തുടങ്ങിയ നിയമങ്ങളിൽനിന്നും, പുരോഗമനപരങ്ങളും ജനോപകാര പ്രദങ്ങളുമായ മറ്റു നടപടികളിൽ നിന്നും കേരളത്തിലെ പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാരെ സംരക്ഷിക്കുക, അങ്ങിനെ ഇത്തരം പുരോഗമനപരമായ ഭരണവ്യവസ്ഥയിൽനിന്ന് ഇന്ത്യയെയാകെ മോചിപ്പിക്കുക ഇതാണു സമര നേതാക്കന്മാരുടെ പ്രഖ്യാപിതോദ്ദേശം. ഈ ഉദ്ദേശം ഒരിയ്ക്കലും സഫലമാവുകയില്ലെന്നു തീർച്ചയാണ്. കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ തങ്ങൾ നേടിയ നേട്ടങ്ങളെ കാത്തുരക്ഷിയ്ക്കാനും അവയുടെ നേർക്കുള്ള പിന്തിരിപ്പൻ ആക്രമണങ്ങളെ നേരിടാനും കേരളത്തിലെ അദ്ധ്വാനിയ്ക്കുന്ന ബഹുജനങ്ങൾ തയ്യാറാവാതിരിക്കുകയില്ല. എന്നല്ല, സമരത്തിൽ പങ്കെടുത്ത സാധാരണക്കാരായ ജനവിഭാഗങ്ങൾപോലും ഇന്നല്ലെങ്കിൽ നാളെ പിന്തിരിപ്പൻ സ്ഥാപിതാല്പര്യക്കാർ തങ്ങളെ മതത്തിൻറേയും ജനാധിപത്യത്തിന്റെയും പേരിൽ വഞ്ചിക്കുകയാണ് ചെയ്തത് എന്നു മനസ്സിലാക്കുകയും ഭൂനയബില്ലുകൊണ്ടും മറ്റുമുണ്ടാവാൻപോകുന്ന നേട്ടങ്ങളെ കാത്തുരക്ഷിയ്ക്കാൻ മറ്റു ജനവിഭാഗങ്ങളുമായി യോജിക്കുവാൻ തയ്യാറാവുകയും ചെയ്യുമെന്ന് മുൻകൂട്ടി കാണാൻ പ്രയാസമില്ല.

യഥാർത്ഥമായ ജനാധിപത്യത്തിലും യഥാർത്ഥമായ പുരോഗതിയിലും വിശ്വസിക്കുന്ന ജനവിഭാഗങ്ങൾ കൂടുതൽ ആത്മവിശ്വാസത്തോടുകൂടി, കൂടുതൽ വിപുലമായ തോതിൽ, ജനാധിപത്യത്തിന്റെ ശത്രുക്കളായ കോൺഗ്രസ്സ് നേതാക്കന്മാർക്ക് ചുട്ട മറുപടികൊടുക്കാൻവേണ്ടി യോജിച്ചണിനിരക്കുകയും കേരളത്തെ ഐശ്വര്യത്തിലേയ്ക്കും അഭിവൃദ്ധിയിലേയ്ക്കും നയിക്കാനുള്ള തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുകയും ചെയ്യും. യഥാർത്ഥമായ ജനകീയമുന്നേറ്റമെന്താണെന്നു നോക്കികാണാൻ പ്രധാനമന്ത്രി നെഹ്റുവിന്ന് അവസരം ലഭിയ്ക്കും, അത്തരമൊരവസരമാണ് അടുത്തുണ്ടാകാൻ പോകുന്ന പൊതുതിരഞ്ഞെടുപ്പ്.

1959 ആഗസ്റ്റ് 8 നവയുഗം

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014